No. CEE/1150/PGN/2019/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എം.എസ്.സി. നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനം– 2019
## 01.09.2019–ലെ ഓൺലൈൻ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്

2019–20 അധ്യയനവർഷത്തെ എം.എസ്.സി നഴ്സിംഗ് കോഴ്സിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ **01.09.2019**–ന് നടത്തുന്നതാണ്. 10.08.2019–ൽ നടത്താനിരുന്ന പരീക്ഷ പ്രതികൂല കാലാവസ്ഥ മൂലം മാറ്റിവച്ചിരുന്നു.

വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രങ്ങളുടെ മാറ്റം ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി (**FISAT**) എറണാകുളം, **TocH** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി എറണാകുളം, ശ്രീ നാരായണ ഗുരു കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പയ്യന്നൂർ, കണ്ണൂർ എന്നിവയാണ് പരീക്ഷാ കേന്ദ്രങ്ങൾ.

**www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **PG Nursing 2019-Candidate portal** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി 22.08.2019 മുതൽ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷകർക്ക് അവരുടെ ഓൺലൈൻ അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കുന്നതിനും അപാകത യുള്ള പക്ഷം അവ തിരുത്തുന്നതിനും അവസരം നൽകിയിരുന്നു. ഇപ്പോഴും അപാകത കൾ നിലനിൽക്കുന്നവർക്ക് വെബ്സൈറ്റിലെ '**Memo**' എന്ന ലിങ്കിലൂടെ ആവശ്യമായ രേഖകൾ 27.08.2019 വൈകുന്നേരം 4 മണി വരെ അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഇത്തര ത്തിൽ അപാകതകൾ പരിഹരിച്ചശേഷം മാത്രമേ അപേക്ഷകർക്ക് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാനാവുകയുള്ളൂ. ഇ–മെയിൽ/ തപാൽ/ നേരിട്ട് ലഭിക്കുന്ന സർട്ടിഫി ക്കറ്റുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

**മുൻ നിർദ്ദേശപ്രകാരം അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തവരും നിർബന്ധ മായും പുതിയ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യേണ്ടതാണ്. 10.08.2019–ലെ പരീക്ഷയ്ക്കായി ഡൗൺലോഡ് ചെയ്ത അഡ്മിറ്റ് കാർഡ് അസാധുവായിരിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു.**

ഹെൽപ് ലൈൻ നമ്പർ: **0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

തിരുവനന്തപുരം
22.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**